ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# എറണാകുളം മിസ്സം



Vol. 63
No.: 5
MAY 2020



www.ernakulamarchdiocese.org

ഇടുക്കിയുടെ പ്രഥമ ഇടയൻ

# മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്

എറണാകുളം - അങ്കമാലി അതിരൂപതയുടെ

# ആദരാഞ്ജലികൾ



മരണം : 01-05-2020

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL
എറണാകുളം മിസ്സം BULLETIN

# വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. ലോക ദൈവവിളിദിന സന്ദേശം 2020

11. വൈദികർക്കുള്ള കത്ത്

13. കച്ചേരിക്കാര്യം

22. നിര്യാതരായി

22. വാർത്തകളും വിശേഷങ്ങളും

24. Department of Family Apostolate

27. Department of Catechesis

30. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

33. അതിരൂപതാ ഡയറി


*Cover page painting by:* Rev. Fr. Eby Edassery


**Editor: Fr. Varghese Perumayan**

Volume : **63**
Issue No. : **5**
Month : **May 2020**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: Rs. 15.00
Annual: Rs. 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam,
Major Archbishop's House, Ernakulam,
P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings,
Lisie Hospital Road, Ernakulam,
Kochi 682018.
Published from Major Archbishop's House,
Ernakulam, P.B.No. 2580, Kochi 682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Kadavil Kochu Mathew, Oraslem | 1892 | 1924 | 1-5-1944 |
| Fr. Kolenchery George, Kottamam | 1888 | 1916 | 1-5-1971 |
| Fr. Kodian George, Chendamangalam | 1905 | 1936 | 2-5-1980 |
| Fr. Xavier Kareethara, Udayanapuram | 1937 | 1964 | 2-5-2019 |
| Fr. Puthenangady Issac, Vaikom | 1883 | 1911 | 3-5-1967 |
| Fr. Malamel Sebastian, Edappally | 1902 | 1933 | 3-5-1971 |
| Fr. Thaliath Jose Paul, Ernakulam | 1932 | 1960 | 3-5-2018 |
| Fr. Koluvan Paul, Moozhikulam | 1952 | 1978 | 6-5-2005 |
| Fr. Kanat Paulose TOCD, Konthuruthy | 1838 | 1861 | 6-5-1891 |
| Fr. Thaliath Thomas, Puthenpally | 1888 | 1918 | 7-5-1977 |
| Fr. Airookkaran Sebastian, Karukutty | 1903 | 1934 | 7-5-1987 |
| Fr. Chathaparambil Varghese, Kunnumpuram | 1910 | 1939 | 9-5-1993 |
| *Msgr. Fr. Valliarumpeth Geroge, Vaikom* | *1889* | *1916* | *11-5-1970* |
| Fr. Vadassery Augusthy, Palluruthy | 1883 | 1913 | 12-5-1951 |
| Fr. Mekkunnel Mathai, Nakapuzha | 1823 | 1873 | 14-5-1912 |
| Fr. Kanianthara Varghese, Vaikom | 1907 | 1936 | 15-5-1983 |
| *Msgr. Puduchery Varghese, Edad* | *1897* | *1928* | *16-5-1980* |
| Fr. Nettikadan Joseph, Meloor | 1933 | 1959 | 16-5-2001 |
| Fr. Ambalathinkal Joseph, Thundathumkadavu | 1952 | 1981 | 19-5-2015 |
| Fr. Francis Parappuram, Amballoor | 1947 | 1975 | 20-5-2019 |
| Fr. Manavalan Paul, Elavoor | 1952 | 1978 | 21-5-2002 |
| Fr. Pallipparambil James, Ullala | 1943 | 1971 | 21-5-2016 |
| Fr. Thekkinedath Joseph, Parur | 1936 | 1962 | 22-5-1990 |
| Fr. Kariyatty Jacob, Alangad | 1936 | 1963 | 22-5-2009 |
| Fr. Kuncharath Joseph, Keecheri | 1946 | 1973 | 22-5-2018 |
| Fr. Chiramel Anthony, Meloor | 1883 | 1913 | 23-5-1965 |
| Fr. Manjooran Antony, Chakkarakadavu | 1894 | 1922 | 24-5-1973 |
| Fr. Manikath Joseph, Perumanoor | 1935 | 1961 | 25-5-2008 |
| Fr. Vattamkandathil Mathai, Thalayolaparambu | | | 27-5-1936 |
| Fr. Puthenpurackal Sebastian, Vellarappilly | 1943 | 1969 | 27-5-1994 |
| Fr. Inchiparambil Joseph, Thanipuzha | 1927 | 1952 | 27-5-1998 |
| Fr. Parappurath Gheevarghese TOCD, Amballoor | 1835 | 1859 | 28-5-1908 |
| Fr. Kunnumpuram George, Muttom | 1931 | 1957 | 29-5-1993 |
| Fr. Kariyatty Paul, Alangad | 1940 | 1967 | 29-5-2011 |
| Fr. Manjaly Jose, Malayattoor | 1940 | 1964 | 31-5-1991 |

Ref: 3290/K-5/KCBC/OL/DS 22-04-2020

# ദൈവവിളിയുടെ വചനങ്ങൾ

## ലോകദൈവവിളി ദിനത്തെ (2020 മേയ് 3) സംബന്ധിച്ച് ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിക്കുന്ന സന്ദേശം

പ്രിയ സഹോദരീസഹോദരന്മാരേ,

ആർസിലെ വികാരിയായ വിശുദ്ധ ജോൺ വിയാനിയുടെ 160-ാം ചരമ വാർഷികം കഴിഞ്ഞവർഷം ആഗസ്റ്റ് 4-ാം തീയതിയായിരുന്നല്ലോ. കർത്താവിന്റെ വിളിയോടുള്ള പ്രത്യുത്തരമായി ദൈവജനസേവനത്തിനുവേണ്ടി അനുദിനജീവിതം സമർപ്പിക്കുന്ന എല്ലാ പുരോഹിതന്മാർക്കും ഒരു കത്ത് എഴുതാൻ ഞാൻ നിശ്ചയിച്ചു.

വൈദികരോടു നന്ദിപറയുകയും അവരുടെ ശുശ്രൂഷയെ പിന്താങ്ങുകയും ചെയ്യാനുള്ള മാർഗമായി ഈ സന്ദർഭത്തിൽ വേദന, കൃതജ്ഞത, പ്രോത്സാഹനം, സ്തുതി എന്നീ നാലു സുപ്രധാന വാക്കുകൾ ഞാൻ തിരഞ്ഞെടുക്കുന്നു. യേശുവിനും പത്രോസിനും ഗലീലിക്കടലിൽ കൊടുങ്കാറ്റുള്ള രാത്രിയിൽ ഉണ്ടായ ശ്രദ്ധേയമായ അനുഭവം നമുക്കായി ആവർത്തിക്കുന്ന സുവിശേഷത്തിന്റെ പശ്ചാത്തലത്തിൽ ദൈവവിളികൾക്കുവേണ്ടിയുള്ള 57-ാം ലോകദിനമായ ഇന്ന് മുഴുവൻ ദൈവജനത്തോടും ആ വാക്കുകൾ പറയാമെന്നു ഞാൻ വിശ്വസിക്കുന്നു (cf. മത്താ 14:22-33).

ജനക്കൂട്ടങ്ങളെ വിസ്മയിപ്പിച്ച അപ്പം വർദ്ധിപ്പിക്കലിനുശേഷം യേശു ജനങ്ങളോടു വിടപറയുകയും മറുകരയിലേക്കുപോകുന്നതിന് വഞ്ചിയിൽ കയറാൻ ശിഷ്യരോട് കല്പിക്കുകയും ചെയ്തു. കടൽ കടക്കുന്ന ശിഷ്യന്മാരുടെ പ്രതിരൂപം നമ്മുടെ ജീവിതയാത്രയെ ഉണർത്താൻ കഴിവുള്ളതാണ്. യഥാർത്ഥത്തിൽ നമ്മുടെ ജീവിതവഞ്ചി പതുക്കെ മുന്നോട്ടുപോകുന്നു. വിശ്രമമില്ലാതെ സുരക്ഷിതസ്വർഗത്തെ നോക്കി, കടലിലെ അപകടങ്ങളും വാഗ്ദാനങ്ങളും നേരിടാൻ സന്നദ്ധരായിക്കൊണ്ടും എന്നാൽ വഞ്ചി തുഴയുന്നവൻ ആത്യന്തികമായി നമ്മെ ശരിയായ വഴിക്കു നയിക്കുമെന്നു വിശ്വസിച്ചുകൊണ്ടുമാണ് പോകുന്നത്. എന്നാലും ചിലപ്പോഴെല്ലാം വഞ്ചി വഴിമാറിപ്പോകും. ലക്ഷ്യസ്ഥാന

ത്തേക്കു നയിക്കുന്ന ലൈറ്റ് ഹൗസല്ല, മരീചികകളാണ് വഴിതെറ്റിക്കുന്നത്. അങ്ങനെ പ്രയാസങ്ങളുടെയും സംശയത്തിന്റെയും ഭയത്തിന്റെയും കൊടുങ്കാറ്റുകൾകൊണ്ടാണ് തെന്നിപ്പോകുന്നത്.

നസ്രത്തിലെ ഗുരുവിനെ പിന്തുടരാൻ വിളിക്കപ്പെട്ടവരുടെ ഹൃദയങ്ങളിൽ ഉണ്ടാകുന്നത് ഇതുപോലുള്ള ഒരു അനുഭവമാണ്. കർത്താവിന്റെ ശിഷ്യരാകാൻവേണ്ടി കടൽ കടക്കുകയും സ്വന്തം സുരക്ഷിതത്വം ഉപേക്ഷിക്കുകയും ചെയ്യേണ്ടവരാണവർ. ഇവിടെ അപകടസാധ്യത യഥാർത്ഥത്തിലുള്ളതാണ്: നേരം സന്ധ്യയാകുന്നു. പ്രതികൂലമായ കാറ്റുവീശുന്നു, വഞ്ചി തിരമാലകളാൽ ഇളക്കപ്പെടുന്നു, പരാജയപ്പെടുമെന്ന ഭയമുണ്ടാകുന്നു, ദൈവവിളി അനുസരിക്കാനാവുകയില്ലെന്നു തോന്നുന്നു, തങ്ങൾ അടിപ്പെട്ടുപോകുമെന്ന് അവർക്കു തോന്നുന്നു.

എന്നാൽ, വെല്ലുവിളിയുടെ ഇടയിലുള്ള ഈ യാത്രയിൽ നമ്മൾ ഒറ്റയ്ക്കല്ലെന്ന് സുവിശേഷം നമ്മോടു പറയുന്നുണ്ട്. ശിഷ്യരുടെ കൂടെയായിരിക്കാൻവേണ്ടി രാത്രിയുടെ ഹൃദയത്തിൽ പ്രഭാതത്തിന്റെ പ്രകാശരശ്മിപോലെ ഇളകിമറിയുന്ന ജലത്തിന്റെ മുകളിൽ യേശു നടന്നു വരുന്നു, തിരമാലയുടെ മുകളിലൂടെ തന്റെയടുത്തേക്കുവരാൻ അവിടന്ന് പത്രോസിനെ ക്ഷണിക്കുന്നു. പത്രോസ് വെള്ളത്തിൽ മുങ്ങുന്നതായി കാണുമ്പോൾ അവിടന്ന് അദ്ദേഹത്തെ രക്ഷിക്കുന്നു. അവർ വഞ്ചിയിലായിരിക്കുമ്പോൾ കൊടുങ്കാറ്റിനെ അവിടന്നു ശമിപ്പിക്കുന്നു.

അപ്പോൾ, വിളിയുടെ ഒന്നാമത്തെ വാക്ക് കൃതജ്ഞതയാണ്. ശരിയായ വഴിയേ പോകുകയെന്നത് നമ്മൾ സ്വന്തമായി ചെയ്യുന്നതല്ല; നമ്മൾ യാത്രചെയ്യാൻ തിരഞ്ഞെടുക്കുന്ന റോഡിനെ മാത്രം ആശ്രയിച്ചിരിക്കുന്നതുമല്ല. ഒറ്റപ്പെട്ട വ്യക്തികളെന്ന നിലയിൽ നാം ചെയ്യുന്ന ഒരു തീരുമാനത്തെക്കാൾ കൂടുതലായിട്ടുള്ള ഒന്നാണ് നാം ജീവിതത്തിൽ എങ്ങനെ സാഫല്യം കണ്ടെത്തുന്നു എന്നത്. എല്ലാറ്റിനും ഉപരിയായി അത് ഉന്നതത്തിൽ നിന്നുണ്ടാകുന്ന ഒരു വിളിയോടുള്ള പ്രത്യുത്തരമാണ്. കർത്താവ് നമ്മുടെ ലക്ഷ്യത്തെ എതിർവശത്തുള്ള കടൽത്തീരത്തു ചൂണ്ടിക്കാട്ടുന്നു; അങ്ങോട്ടു വഞ്ചി കയറിപ്പോകാനുള്ള ധൈര്യം നല്കുകയും ചെയ്യുന്നു. നമ്മെ വിളിക്കുമ്പോൾ അവിടന്നു നമ്മുടെ വഞ്ചി തുഴയുന്നവനാകുന്നു. അവിടന്നു നമ്മോടൊപ്പം സഞ്ചരിക്കുകയും നമ്മെ നയിക്കുകയും ചെയ്യുന്നു. തീരുമാനമില്ലായ്മയുടെ മണൽത്തിട്ടയിൽ ഓടിച്ചെന്ന് അടിഞ്ഞുകിടക്കുന്നതിൽ നിന്ന് അവി

ടന്നു നമ്മെ തടയുന്നു; ഉയർന്നുവരുന്ന തിരമാലയിലൂടെ നടക്കാൻ നമ്മെ ശക്തരാക്കുകപോലും ചെയ്യുന്നു.

കർത്താവ് നമ്മെ കണ്ടുമുട്ടാൻ വരുമ്പോഴുള്ള സ്നേഹത്തിന്റെ നോട്ടത്തിൽ നിന്നാണ് ഓരോ ദൈവവിളിയും ജനിക്കുന്നത്. കൊടുങ്കാറ്റുകൊണ്ട് നമ്മുടെ വഞ്ചി ഇളകിമറിയുമ്പോൾപോലും അങ്ങനെയാണു സംഭവിക്കുന്നത്. "ദൈവവിളി, നമ്മുടെ തിരഞ്ഞെടുപ്പ് എന്നതിനെക്കാൾ നമുക്കു യോഗ്യതയില്ലാതിരിക്കേ കർത്താവ് നടത്തുന്ന വിളിയോടുള്ള പ്രത്യുത്തരമാണ്" (വൈദികർക്കുള്ള എഴുത്ത് 4 ആഗസ്റ്റ് 2019). നാം നന്ദിയോടെ നമ്മുടെ ഹൃദയം തുറക്കുകയും നമ്മുടെ ജീവിതത്തിന് ദൈവം നിശ്ചയിക്കുന്ന വഴി കാണുകയും ചെയ്യുമ്പോൾ നാം നമ്മുടെ ദൈവവിളിയെ കണ്ടെത്തുന്നതിലും അതിനെ സ്വീകരിക്കുന്നതിലും വിജയിക്കും.

യേശു തങ്ങളുടെയടുത്തേക്ക് കടലിലൂടെ നടന്നുവരുന്നതു കാണുമ്പോൾ അവിടന്ന് ഒരു ഭൂതമാണെന്നു ശിഷ്യന്മാർ വിചാരിക്കുകയും ഭയംകൊണ്ടു നിറയുകയും ചെയ്യുന്നു. നമ്മുടെ ജീവിതത്തോടും ദൈവവിളിപരമായ നമ്മുടെ യാത്രയോടും കൂടെ സ്ഥിരം ഉണ്ടായിരിക്കേണ്ട വാക്കുകൾകൊണ്ട് അവിടന്ന് പെട്ടെന്നു അവർക്ക് ഉറപ്പുനല്കുന്നു. "ധൈര്യമുള്ളവരായിരിക്കുവിൻ; ഞാനാണ്, ഭയപ്പെടേണ്ട" (മത്താ 14:27). അതുകൊണ്ട് നിങ്ങളോടു പറയാൻ ഞാൻ ആഗ്രഹിക്കുന്ന രണ്ടാമത്തെ വാക്ക് ഇതാണ്: പ്രോത്സാഹനം

നമ്മുടെ യാത്രയെയും വളർച്ചയെയും കർത്താവു നമുക്കായി നിശ്ചയിച്ച വഴി തിരഞ്ഞെടുക്കുന്നതിനെയും മിക്കപ്പോഴും തടയുന്നത് നമ്മുടെ ഹൃദയങ്ങൾക്ക് പ്രയാസമുണ്ടാക്കുന്ന ചില "ഭൂതങ്ങൾ" ആണ്. സുരക്ഷിതമായ കടൽത്തീരങ്ങളെ ഉപേക്ഷിച്ച്, വിവാഹം, ശുശ്രൂഷാപരമായ പൗരോഹിത്യം, സമർപ്പിതജീവിതം എന്നിവപോലുള്ള ഒരു ജീവിതാവസ്ഥ സ്വീകരിക്കാൻ നാം വിളിക്കപ്പെടുമ്പോൾ മിക്കപ്പോഴും നമ്മുടെ പ്രഥമ പ്രതികരണം "അവിശ്വാസത്തിന്റെ ഭൂത"ത്തിൽ നിന്നുണ്ടാകുന്നതാണ്: തീർച്ചയായും ഈ വിളി എനിക്കുള്ളതല്ല! ഇത് ശരിയായ മാർഗമായിരിക്കാൻ യഥാർത്ഥത്തിൽ സാധിക്കുമോ? ഇതുചെയ്യാൻ കർത്താവ് യഥാർത്ഥത്തിൽ എന്നോട് ആവശ്യപ്പെടുന്നുണ്ടോ?

ഇത്തരം ചിന്തകൾ വളർന്നുകൊണ്ടിരിക്കും; നമ്മുടെ തീരുമാനത്തെ പിഴിഞ്ഞുകുടിക്കുന്ന നീതിമത്കരണങ്ങളും കണക്കുകൂട്ടലുകളും

വളർന്നുകൊണ്ടിരിക്കും. നാം തുടങ്ങുന്ന കടൽത്തീരത്ത് അവ നമ്മെ സംശയാലുക്കളും ശക്തിഹീനരും ആക്കിത്തീർക്കും. നമുക്കു തെറ്റു പറ്റിക്കാണുമെന്നു നാം വിചാരിക്കുന്നു. വെല്ലുവിളി ഏറ്റെടുക്കാൻ കഴിവില്ലെന്നു തോന്നുന്നു. അല്ലെങ്കിൽ ഒഴിവാക്കിക്കളയേണ്ട ഒരു ഭൂതത്തെ കാണുന്നതാണെന്നു തോന്നുന്നു.

വിവാഹം, കർത്തൃസേവനത്തിനുള്ള സവിശേഷ സമർപ്പണം മുതലായവപോലുള്ള മൗലിക ജീവിത തിരഞ്ഞെടുപ്പ് ധീരത ആവശ്യമുള്ളതാണെന്നു കർത്താവിന് അറിയാം. നമ്മുടെ ഹൃദയ വഞ്ചിയെ ഇളക്കിക്കൊണ്ടിരിക്കുന്ന ചോദ്യങ്ങളും സംശയങ്ങളും പ്രയാസങ്ങളും അവിടന്ന് അറിയുന്നുണ്ട്. അതുകൊണ്ട് അവിടന്നു നമ്മെ ധൈര്യപ്പെടുത്തുന്നു: "ധൈര്യമുള്ളവരായിരിക്കുക; ഞാനാണ്, ഭയപ്പെടേണ്ട." അവിടന്ന് സന്നിഹിതനാണെന്നും നമ്മെ കണ്ടുമുട്ടാൻ അവിടന്നു വരുന്നുവെന്നും നമുക്ക് വിശ്വാസത്തിൽ അറിയാം. അവിടന്ന് എപ്പോഴും, കൊടുങ്കാറ്റുള്ള കടലുകളിൽപ്പോലും, നമ്മുടെ സമീപത്തുണ്ടെന്ന് നമുക്കറിയാം. "മധുരമുള്ള ദുഃഖ"മെന്ന് ഞാൻ വിളിച്ച (വൈദികർക്കുള്ള കത്ത് 4 ആഗസ്റ്റ് 2019) ബോധംകെട്ടുള്ള ഉറക്കത്തിൽ നിന്ന് ഈ അറിവ് നമ്മെ സ്വതന്ത്രരാക്കുന്നു. നമുക്കുള്ള ദൈവവിളിയുടെ സൗന്ദര്യം അനുഭവിക്കുന്നതിൽ നിന്ന് നിരുത്സാഹപ്പെടുത്തി പിടിച്ചുമാറ്റുന്ന ഒന്നാണ് "മധുരമുള്ള ദുഃഖം."

വൈദികർക്കുള്ള എന്റെ എഴുത്തിൽ വേദനയെക്കുറിച്ചും ഞാൻ പറഞ്ഞു. എന്നാൽ ഇവിടെ ആ വാക്കിന് ക്ഷീണം എന്ന വ്യത്യസ്തമായ വിവർത്തനം നല്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഓരോ വിളിയും ഒരു ഉത്തരവാദിത്വം പേറുന്നതാണ്. പത്രോസിനെ "വെള്ളത്തിനു മീതെ നടക്കാൻ" ശക്തനാക്കിയതുപോലെ നമ്മെ ശക്തരാക്കാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ് അവിടന്നു നമ്മെ വിളിക്കുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, നമ്മുടെ ജീവിതത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും അതിനെ സുവിശേഷസേവനത്തിനായി പ്രതിഷ്ഠിക്കുകയും ചെയ്യാൻ അവിടന്നു നമ്മെ വിളിക്കുന്നു. അവിടന്നു നമ്മെ കാണിക്കുന്ന വസ്തുനിഷ്ഠവും അനുദിനമുള്ളതുമായ വഴികളിലൂടെ - പ്രത്യേകിച്ച്, അല്മായരെയും വൈദികരെയും സമർപ്പിതരെയും സംബന്ധിച്ച ദൈവവിളികൾ അവിടന്നു കാണിച്ചുതരുന്ന വഴികളിലൂടെ - ആണ് ഇതു നാം ചെയ്യേണ്ടത്. എന്നാലും പത്രോസിനെപ്പോലെ നമ്മുടെ

ആഗ്രഹവും ആവേശവും നമ്മുടെ പരാജയങ്ങളോടും ഭീതികളോടും കൂടെ നിലകൊള്ളുന്നു.

വിവാഹജീവിതത്തിലായാലും വൈദികജീവിതത്തിലായാലും, നമ്മെ കാത്തിരിക്കുന്ന ഉത്തരവാദിത്വങ്ങൾ അല്ലെങ്കിൽ നമുക്കായി ശേഖരിക്കപ്പെട്ട കഷ്ടതകൾ നമ്മെ ധൈര്യമില്ലാത്തവരാക്കാൻ നാം അനുവദിച്ചാൽ നാം മുങ്ങിപ്പോകാൻ തുടങ്ങും. നേരേ മറിച്ച്, നമുക്കു ദുർബലതയും ദാരിദ്ര്യവുമുണ്ടെങ്കിലും ഉത്ഥിതനായ ക്രിസ്തുവിലേക്കു നടക്കാനും ഏതുകൊടുങ്കാറ്റിനെയും എതിർത്തുനില്ക്കാനും വിശ്വാസം നമ്മെ ശക്തരാക്കും. ക്ഷീണമോ ഭയമോ നമ്മെ മുക്കിക്കളയാൻ തുടങ്ങുമ്പോഴെല്ലാം യേശു തന്റെ കൈ നമ്മുടെ നേരേ നീട്ടുന്നു. നമ്മുടെ ദൈവവിളി സന്തോഷത്തോടും തീക്ഷ്ണതയോടും കൂടി ജീവിക്കാൻ ആവശ്യമായ ആവേശം അവിടന്നു നമുക്കു നല്കുന്നു.

അവസാനം യേശു വഞ്ചിയിൽ കയറുമ്പോൾ കാറ്റുവീശാതാകും, തിരമാലകൾ ശാന്തമാകും. നമ്മുടെ ജീവിതത്തിൽ പ്രക്ഷുബ്ധതയും കൊടുംകാറ്റും ഉണ്ടാകുമ്പോൾ കർത്താവിന് എന്തുചെയ്യാൻ കഴിയുമെന്നതിന്റെ മനോഹരമായ ഒരു പ്രതിരൂപം ഇവിടെ നമുക്കു ലഭിക്കുന്നു. ആ കാറ്റുകളെ അവിടന്നു ശമിപ്പിക്കുന്നു. അങ്ങനെ തിന്മയുടെ ശക്തികൾക്ക്, ഭയത്തിന്റെയും കീഴടക്കലിന്റെയും ശക്തികൾക്ക്, നമ്മുടെമേൽ അധികാരമില്ലാതാകും.

നമുക്കുള്ള സവിശേഷമായ വിളിയനുസരിച്ച് നാം ജീവിക്കുമ്പോൾ നമ്മെ ക്ഷീണിപ്പിച്ചു തളർത്താൻ ആ പ്രതികൂല വാദങ്ങൾക്കു സാധിക്കുകയില്ല. ഇവിടെ സിവിൾ സമൂഹത്തിലെ സുപ്രധാന ഉത്തരവാദിത്വങ്ങൾ ഉള്ള എല്ലാവരെയും, സകാരണം ഞാൻ പരമാർശിക്കാൻ ആഗ്രഹിക്കുന്ന വധൂവരന്മാരെയും പ്രത്യേകമായവിധത്തിൽ സമർപ്പിത ജീവിതമോ വൈദികവൃത്തിയോ സ്വീകരിച്ചവരെയും ധീരതയുള്ളവരായി ഞാൻ കരുതുന്നു. നിങ്ങളുടെ കഠിനാധ്വാനം, ചിലപ്പോൾ നിങ്ങളുടെ ഹൃദയങ്ങളെ ഭാരപ്പെടുത്തുന്ന ഏകാന്തതയുടെ അനുഭവം, നമുക്കുള്ള വിളിയുടെ തീജ്വാല ക്രമേണ കെട്ടുപോകാൻ ഇടയാക്കുന്ന സ്ഥിരമാർഗത്തിലേക്കു വീഴുകയെന്ന അപകടസാധ്യത, കാലഘട്ടത്തിന്റെ അനിശ്ചിതത്വത്തിന്റെയും സുരക്ഷിതത്വമില്ലായ്മയുടെയും ഭാരം, ഭാവിയെക്കുറിച്ചുള്ള ആകുലത എന്നിവയെപ്പറ്റി എനിക്കറിയാം. ധൈര്യം അവലംബിക്കുക, ഭയപ്പെടാതിരിക്കുക! യേശു നമ്മുടെ അരികേ ഉണ്ട്.

നാം അവിടത്തെ നമ്മുടെ ജീവിതത്തിന്റെ ഏക കർത്താവായി അംഗീകരിക്കുന്നുവെങ്കിൽ അവിടന്നു കൈനീട്ടി നമ്മളെ പിടിച്ച് രക്ഷിക്കും.

അപ്പോൾ, കൊടുംകാറ്റുകൊണ്ട് ഇളകിമറിയുന്ന ജലത്തിലും നമ്മുടെ ജീവിതം സ്തുതിയിലേക്കു തുറന്നതായിത്തീരും. നമുക്കുള്ള വിളി സംബന്ധമായ അവസാനത്തെ വാക്കാണിത്. പരിശുദ്ധ കന്യകാമറിയത്തിന്റെ ആന്തരിക മാനസികാവസ്ഥ സ്വന്തമാക്കാനുള്ള ഒരു ക്ഷണമാണത്. ദൈവത്തിന്റെ കൃപാകടാക്ഷത്തോടു നന്ദിയുള്ളവളായി ഭയത്തിലും പ്രക്ഷുബ്ധതയിലും വിശ്വസ്തതയുള്ളവളായി, അവൾ തനിക്കുള്ള വിളിയെ ആശ്ലേഷിച്ചു, തന്റെ ജീവിതത്തെ കർത്താവിനോടുള്ള ശാശ്വത സ്തുതിഗീതമാക്കിത്തീർത്തു.

പ്രിയ സുഹൃത്തുക്കളേ, പ്രത്യേകിച്ച് ഈ ദിവസം, നമ്മുടെ സമൂഹങ്ങളുടെ സാധാരണ അജപാലന ജീവിതത്തിലും ദൈവവിളികളെ പ്രോത്സാഹിപ്പിക്കൽ തുടരാൻ സഭയോട് ഞാൻ കല്പിക്കുന്നു. പരിശുദ്ധ കന്യകാമറിയം വിശ്വാസികളുടെ ഹൃദയങ്ങളെ സ്പർശിക്കട്ടെ. ഓരോ വ്യക്തിയും തങ്ങളുടെ ജീവിതത്തിലുള്ള ദൈവവിളിയെ കൃതജ്ഞതയോടെ കണ്ടെത്തട്ടെ. ദൈവത്തോട് “അതെ” എന്നു പറയാനുള്ള ധീരത കണ്ടെത്താൻ, ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ എല്ലാ ക്ഷീണിതാവസ്ഥയെയും കീഴടക്കാൻ, തങ്ങളുടെ ജീവിതത്തെ ദൈവസ്തുതിഗീതമാക്കി മാറ്റാൻ, സഹോദരീസഹോദരന്മാരും മുഴുവൻ ലോകത്തിനുംവേണ്ടി അങ്ങനെ ചെയ്യാൻ, സാധിക്കട്ടെ. കന്യകാമറിയം നമ്മോടുകൂടെ സഞ്ചരിക്കുകയും നമുക്കായി മാധ്യസ്ഥ്യം വഹിക്കുകയും ചെയ്യട്ടെ.

റോം, സെന്റ് ജോൺ ലാറ്ററൻ, 8 മാർച്ച് 2020
നോമ്പുകാലത്തെ രണ്ടാം ഞായർ

ഫ്രാൻസിസ് പാപ്പാ

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

# വൈദികർക്കുള്ള കത്ത്

ഈശോയിൽ ഏറ്റവും സ്നേഹമുള്ള വൈദികരേ,

ഈ ലോക്ഡൗൺ കാലത്ത് പള്ളികളിൽ പ്രാർത്ഥനയും സേവനവുമായി കഴിയുന്ന നിങ്ങൾക്ക് എന്റെ സ്നേഹാശംസകൾ.

അനേകരെ കുമ്പസാരിപ്പിച്ചും രോഗികൾക്ക് വിശുദ്ധ കുർബാന വീടുകളിൽ എത്തിച്ചും കുരുത്തോല പ്രദക്ഷിണം, കാൽകഴുകൽ, പെസഹ ആരാധന, അപ്പംമുറിക്കൽ, കുരിശിന്റെ വഴി, പരിഹാരപ്രദക്ഷിണം എന്നിവ നടത്തിയും പ്രതീക്ഷയുടെ ഉയിർപ്പ് തിരുനാൾ ആഘോഷമാക്കേണ്ട ഈ ദിവസങ്ങളിൽ പള്ളിയിൽ ഒറ്റയ്ക്ക് വിശുദ്ധ കുർബാന അർപ്പിച്ച് ജനത്തിന്റെ ഹൃദയവേദന ഏറ്റുവാങ്ങി കഴിയുന്ന നിങ്ങളുടെ മനോവികാരങ്ങളിൽ ഞാനും പങ്കുചേരുന്നു. ഈ കഠിന നാളുകളിൽ നിങ്ങൾ ഭാവനാത്മകമായി നിരവധി നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ട്. അനേകർക്ക് ഭക്ഷണവസ്തുക്കളും മരുന്നുകളും വിതരണം ചെയ്യുന്നതിന് നമ്മുടെ ഇടവകകളും സഹൃദയയും ശ്രദ്ധിക്കുന്നുണ്ട്. അജഗണത്തെ ധൈര്യപ്പെടുത്തിയും മാസ്ക്കുകളും സാനിറ്റൈസറുകളും നിർമ്മിച്ചു നൽകിയും പാവപ്പെട്ടവർക്കും വഴിയരികിലുള്ളവർക്കും അതിഥി തൊഴിലാളികൾക്കും ഭക്ഷണം നൽകിയും രോഗികൾക്ക് മരുന്ന് എത്തിച്ചുകൊടുത്തും അജപാലകരായ നിങ്ങൾ, യേശു സാന്നിധ്യമായി നിലകൊള്ളുന്നത് സഭയ്ക്ക് അഭിമാനമാണ്. ചെന്നായ് വരുമ്പോൾ ഓടിപ്പോകാത്ത നല്ല ഇടയരെയാണ് നിങ്ങൾ ഇതുവഴി ജനങ്ങൾക്ക് കാണിച്ചു കൊടുക്കുന്നത്. വിശുദ്ധ കുർബാനയും മറ്റു ശുശ്രൂഷകളും മാധ്യമങ്ങളിലൂടെ ജനങ്ങൾക്ക് അനുഭവവേദ്യമാക്കുന്നത് പ്രശംസനീയമാണ്. ലോക്ഡൗൺ സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങളോടുള്ള നിങ്ങളുടെ പൂർണ്ണ സഹകരണം എല്ലാവർക്കും മാതൃകയാണ്.

പാവങ്ങളോടുള്ള കരുതലിനും വീട്ടിൽനിന്ന് ദൂരെയായിരിക്കുന്നവരുടെ ക്ഷേമാന്വേഷണത്തിനും വീട്ടിലിരിക്കുന്ന കുട്ടികൾക്ക് വിവിധ കളികളിലൂടെ വിശ്വാസ പരിശീലനം നൽകുന്നതിനും നിങ്ങൾ കാണിക്കുന്ന ശ്രദ്ധയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. പാട്ടുകൊണ്ടും സന്ദേശങ്ങൾകൊണ്ടും സാന്ത്വനവചസ്സുകൾകൊണ്ടും

ഇടയരായ നിങ്ങൾ ആടുകളുടെ ഹൃദയമിടിപ്പും ആശങ്കകളും അറിഞ്ഞ് പ്രവർത്തിക്കുന്നത് പ്രോത്സാഹനജനകമാണ്. സാധിക്കുമെങ്കിൽ നിങ്ങളുടെ ഇടവകയിലെ എല്ലാ കുടുംബങ്ങളേയും ഈ ദിവസങ്ങളിൽ ഫോണിൽ വിളിച്ച് വിശേഷങ്ങൾ ആരായുന്നത് നന്നായിരിക്കും.

യേശുക്രിസ്തു സ്ഥാപിച്ച പൗരോഹിത്യത്തിൽ നമ്മളെല്ലാവരും ഒന്നാണ്. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർക്ക് കൂട്ടുപോയ ക്രിസ്തുവിനെപ്പോലെ വചനം കൊണ്ടും ബലികൊണ്ടും നമ്മുടെ ജനത്തോടൊപ്പമായിരിക്കാം. ഈ വിഷമഘട്ടത്തിൽ നമ്മുടെ വിശ്വാസം ദൃഢപ്പെടുത്തണം. നമ്മൾ എല്ലാവരും ഒരേ വഞ്ചിയിലാണെന്നും ഈ കാറ്റും കോളും നിറഞ്ഞ കടലിൽ കർത്താവ് നമ്മുടെ വഞ്ചിയിൽ ഉണ്ടെന്നും ഉറച്ചു വിശ്വസിക്കാം. ഈ മഹാമാരിയിൽനിന്ന് ലോകജനതയെ രക്ഷിക്കണമെന്ന് സർവ്വശക്തനായ ദൈവത്തോട് നമുക്ക് വിളിച്ച് അപേക്ഷിക്കാം. അപ്പോൾ എല്ലാം നന്മയ്ക്കായ് പരിണമിപ്പിക്കുന്ന കർത്താവ് ഈ ഭയാശങ്കകൾക്കിടയിലും ആശ്വാസത്തിന്റെ പുതിയ തീരങ്ങൾ നമുക്ക് കാണിച്ചു തരും.

ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും ആര് നമ്മെ വേർപെടുത്തും? ക്ളേശമോ ദുരിതമോ പീഡനമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ ഒന്നും നമ്മെ ആ സ്നേഹത്തിൽ നിന്നും അകറ്റില്ല. കാരണം അവന്റെ കുരിശിനാൽ രക്ഷിക്കപ്പെട്ടവരും ആ രക്ഷ എല്ലാവർക്കും പങ്കുവച്ചു കൊടുക്കുന്നവരുമാണ് നമ്മൾ. ഈ കാലം ആവശ്യപ്പെടുന്ന കുരിശ് നമുക്ക് ഒന്നിച്ച് ചുമക്കാം. പരിശുദ്ധാത്മാവ് അതിനു നമ്മെ ബലപ്പെടുത്തട്ടെ. അടച്ചിട്ട മുറിയിലേക്ക് സമാധാനത്തിന്റെ ദൂതുമായി വന്ന ഉത്ഥിതന്റെ സാന്നിധ്യമാണ് ഉയർപ്പുതിരുനാളിന്റെ ഏറ്റവും വലിയ സന്തോഷവാർത്ത. നിങ്ങൾക്കെല്ലാവർക്കും ഈസ്റ്ററിന്റെ സമാധാനവും സന്തോഷവും ആശംസിച്ചുകൊണ്ട്,

സ്നേഹത്തോടെ,

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

**08/04/2020**

# കോവിഡ് 19
# സർക്കുലറുകളും അറിയിപ്പുകളും

## അറിയിപ്പ്

04/04/2020

**മിശിഹായിൽ പ്രിയ വൈദികരേ,**

കോവിഡ് -19 രോഗം പ്രതിരോധിക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങളെ സംബന്ധിച്ച് സംസാരിക്കുന്നതിനായി പോലിസ് ഉദ്യോഗസ്ഥർ ഇന്ന് ഉച്ചതിരിഞ്ഞ് ആർച്ച്ബിഷപ്സ് ഹൗസിൽ വന്നിരുന്നു. നമ്മുടെ അതിരൂപതയിലെ പള്ളികളിൽ നടത്തപ്പെടുന്ന തിരുക്കർമ്മങ്ങളിൽ 4 പേർ മാത്രമെ പങ്കെടുക്കുകയുള്ളുവെന്ന് അവർക്ക് ഉറപ്പു നൽകിയിരിക്കുന്ന കാര്യം ഇതിനാൽ നിങ്ങളെ അറിയിക്കുന്നു. ഓശാന ഞായറാഴ്ച, വിശുദ്ധ കുർബാനയോടനുബന്ധിച്ച് ജനങ്ങൾക്കുവേണ്ടി കുരുത്തോല വെഞ്ചരിക്കുന്നുണ്ടെങ്കിൽ ലോക്ക് ഡൗൺ കാലയളവിനു ശേഷം മാത്രമെ അവ വിതരണം ചെയ്യാവൂ. സാഹചര്യത്തിന്റെ ഗൗരവം മനസ്സിലാക്കി എല്ലാവരും പ്രവർത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

# അറിയിപ്പ്

11/04/2020

**മിശിഹായിൽ പ്രിയ വൈദികരേ,**

കൊവിഡ് - 19 പ്രതിരോധിക്കുന്നതിനായി ഏർപ്പെടുത്തിയ ലോക്ക് ഡൗൺ നമ്മുടെ നാട്ടിൽ ഒട്ടേറെ ബുദ്ധിമുട്ടുകൾക്ക് കാരണമായിട്ടുണ്ട്. സാമ്പത്തികമായി വിഷമിക്കുന്ന കുടുംബങ്ങൾക്ക് ഇടവകകളുടെ സഹകരണത്തോടെ അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയയുടെ 'കാരുണ്യത്തിന്റെ കലവറ' എന്ന പദ്ധതിയിലൂടെ കഴിയാവുന്നത്ര ഭക്ഷണസാധനങ്ങൾ നാം എത്തിച്ചുകൊണ്ടിരിക്കുകയാണ്.

അടിയന്തിരമായി നാം ശ്രദ്ധിക്കേണ്ട മറ്റൊരു മേഖല, ജീവൻരക്ഷാ മരുന്നുകൾ ആവശ്യമുള്ളവരുടെ കാര്യമാണ്. ജീവൻ നിലനിർത്താൻ ഭക്ഷണത്തോടൊപ്പം ദിനംപ്രതി മരുന്നുകൾ അത്യാവശ്യമായിട്ടുള്ള കുറെപ്പേരെങ്കിലും നമുക്ക് ചുറ്റുപാടുമുണ്ട്. അവരെ കണ്ടെത്തി സഹായിക്കുവാനുള്ള 'സഹൃദയ ജീവദാൻ' എന്ന പദ്ധതിക്ക് നമ്മൾ രൂപം നല്കുകയാണ്. ഓരോ ഇടവക പരിധിയിലുമുള്ള നാനാജാതി മതസ്ഥരായ പാവപ്പെട്ട രോഗികളെ തെരഞ്ഞെടുത്ത്, ബഹു. വികാരിയച്ചന്റെ മേൽനോട്ടത്തിലുള്ള ക്രമീകരണം വഴി, ഒരു മാസത്തേക്കുള്ള മരുന്ന് എത്തിച്ചു നല്കുന്നതാണ് ഈ പദ്ധതി. സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ഇടവകകൾ മരുന്നിന്റെ ചിലവു വിവരങ്ങൾ സഹൃദയയിലേക്ക് അറിയിച്ചാൽ അവരുടെ അക്കൗണ്ടിലേക്ക് ആവശ്യമായ തുക നൽകുന്നതായിരിക്കും. ഏറെ ചിലവു പ്രതീക്ഷിക്കുന്ന ഈ പദ്ധതി നടപ്പിലാക്കാൻ അച്ചന്റെ ഇടവകയിൽ/ സ്ഥാപനത്തിൽ നിന്നും കഴിയാവുന്ന സഹായം സഹൃദയയ്ക്ക് നല്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ഈ പദ്ധതിയിലേക്ക് സംഭാവന ചെയ്യുവാൻ സുമനസ്സുകളെ പ്രേരിപ്പിക്കുന്നത് ഉചിതമായിരിക്കും.

സ്നേഹത്തോടെ,

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

NB. സഹൃദയയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ

Ac Name: **Welfare Services Ernakulam**
Ac No: **028800700022190001** IFSC: **CSBK0000288**
Name of Bank: **CSB Bank** Branch: **Ponnurunni**

**സർക്കുലർ: 5/2020** **21/04/2020**

**പ്രിയ വൈദികരേ,**

ലോക് ഡൗൺ സാഹചര്യത്തിൽ ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. ഇടവകകളിൽ ഏപ്രിൽ-മെയ് മാസങ്ങളിൽ നടത്താറുള്ള കുട്ടികളുടെ പൊതു ആദ്യകുർബാന സ്വീകരണം സൗകര്യപ്രദമായ മറ്റൊരു തീയതിയിലേക്ക് മാറ്റി വയ്ക്കേണ്ടതാണ്.

2. സർക്കാർ നിർദ്ദേശം അനുസരിച്ച് വിവാഹം, മൃതസംസ്ക്കാര ശുശ്രൂഷ എന്നിവയിൽ 20 പേർക്ക് മാത്രമാണ് പങ്കെടുക്കാൻ അനുവാദമുള്ളത്. (Hotspot ഏരിയകളിൽ സർക്കാരിന്റെ പ്രത്യേക നിബന്ധനകൾ അനുസരിക്കേണ്ടതാണ്). മറ്റു തിരുക്കർമ്മങ്ങളിൽ, കാർമ്മികൻ ഉൾപ്പെടെ 5 പേർക്ക് പങ്കെടുക്കാം.

3. വിവാഹപരസ്യം സാധാരണരീതിയിൽ നടത്താൻ സാഹചര്യം അനുവദിക്കുന്നില്ലെങ്കിലും വിവാഹവിവരം ഏതെങ്കിലും വിധത്തിൽ ഇടവകജനങ്ങളെ അറിയിക്കുന്നത് നല്ലതാണ് (ഉദാഹരണത്തിന്, ഇടവകയിലെ കുർബാന തത്സമയ സംപ്രേക്ഷണം ചെയ്യുന്നുണ്ടെങ്കിൽ അറിയിപ്പിലൂടെയോ, ഇടവക Whatsapp Group ഉണ്ടെങ്കിൽ അതിലൂടെയോ). സഞ്ചാരസ്വാതന്ത്ര്യം പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ, മനസ്സമ്മതത്തിനു മുമ്പ് വിളിച്ചു ചൊല്ലുന്നതിനുള്ള അനുവാദത്തിനായി ആളുകളെ ഫൊറോന വികാരിയുടെ അടുത്തേയ്ക്ക് പറഞ്ഞുവിടേണ്ടതില്ല. ഈ പ്രത്യേക സാഹചര്യത്തിൽ വികാരിമാർക്ക് പ്രസ്തുത അനുവാദം നല്കാവുന്നതാണ്. മറ്റു രൂപതയിൽ നിന്നുള്ളവരുമായാണ് വിവാഹമെങ്കിൽ, ആ രൂപതയിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

4. ലോക് ഡൗൺ മൂലം ഇടവകകളിലെ തെരഞ്ഞെടുപ്പുകൾ നടത്താൻ സാധിക്കാത്തതിനാൽ, ഇപ്പോഴുള്ള പാരീഷ് കൗൺസിൽ അംഗങ്ങൾ, കൈക്കാരന്മാർ എന്നിവരുടെ സേവന കാലാവധി 2020 ജൂലൈ 31 വരെ നീട്ടിയിരിക്കുന്നു. ലോക് ഡൗൺ തീരുന്ന മുറയ്ക്ക് തെരഞ്ഞെടുപ്പ് നടത്തി അതിരൂപതാ കച്ചേരിയുടെ അംഗീകാരം വാങ്ങേണ്ടതാണ്.

5. ജൂൺ-ജൂലൈ മാസങ്ങളിൽ നടത്താറുള്ള വൈദികരുടെ വാർഷിക ധ്യാനം സൗകര്യപ്രദമായ മറ്റൊരവസരത്തിലേക്ക് മാറ്റി വച്ചിരിക്കുന്നു. പുതിയ തീയതി പിന്നീട് അറിയിക്കുന്നതായി രിക്കും.

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

---

**സർക്കുലർ: 6/2020**

**29/04/2020**

**മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,**

ഈ ലോക്ഡൗൺ കാലഘട്ടത്തിൽ നമ്മുടെ എല്ലാവരുടേയും ഹൃദയങ്ങളിൽ നിന്നുയരുന്ന പ്രാർത്ഥന സൗഖ്യത്തിനുവേണ്ടിയുള്ള താണ്. "ദാവീദിന്റെ പുത്രാ ഞങ്ങളിൽ കനിയണമേ"എന്ന് കരഞ്ഞ് അപേക്ഷിച്ച അന്ധരെ സുഖപ്പെടുത്തിയ കാരുണ്യവാനായ കർത്താവ് നമ്മുടേയും പ്രാർത്ഥന കേൾക്കും.

കേരളത്തിലെ മതനേതാക്കൾ 2020 മെയ് മാസം 3-ാം തീയതി പ്രാർത്ഥനാദിനമായി ആചരിക്കാൻ ആഹ്വാനം ചെയ്തിട്ടുണ്ട്. കോവിഡ് മൂലം മരിച്ചവർക്കും ചികിത്സയിലുള്ളവർക്കും വൈറസ് പ്രതിരോധ ത്തിനായി അക്ഷീണം യത്നിക്കുന്ന ആരോഗ്യപ്രവർത്തകർക്കും ഭര ണകർത്താക്കൾക്കും വേണ്ടി പ്രാർത്ഥിക്കുന്ന ഈ ദിനത്തിൽ നമുക്കും പങ്കുചേരാം. ജനങ്ങളുടെ കൂട്ടായ്മയും ഐക്യവും ജാതിമതവ്യത്യാ സമില്ലാതെ പ്രകടമാകുന്ന സവിശേഷ അവസരമാണിത്. നമ്മുടെ അതി രൂപതയിൽ അന്നേ ദിവസം എല്ലാ ഇടവകകളിലും 12 മണിക്കൂർ അഖണ്ഡ ജപമാല/കരുണക്കൊന്ത ചൊല്ലി (സാധിക്കുമെങ്കിൽ രാവിലെ 8.00 മുതൽ രാത്രി 8.00 വരെ) ഈ പ്രാർത്ഥനാദിനം അനുഗ്ര ഹപ്രദമാക്കാം. ഇടവകയിലെ ഓരോ കുടുംബയൂണിറ്റിലേയും കുടും ബങ്ങൾക്ക് സമയം നിശ്ചയിച്ച് നൽകി, വീട്ടിലിരുന്നുകൊണ്ട് തന്നെ ജപമാല/കരുണക്കൊന്ത ചൊല്ലുന്നതാണ് ഉചിതം.

ലോകം മുഴുവൻ ദുരിതം അനുഭവിക്കുന്ന ഈ പ്രത്യേക സാഹ

ചര്യത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ കുടുംബങ്ങളിലെ പ്രാർത്ഥനയുടെ ആവശ്യകതയെപ്പറ്റി ഓർമ്മിപ്പിക്കുകയും ജപമാലയോടു ചേർന്ന് മെയ് മാസത്തിൽ ചൊല്ലാവുന്ന രണ്ടു പ്രാർത്ഥനകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രാർത്ഥനകൾ ഇതോടൊപ്പം അയയ്ക്കുന്നു.

സാമ്പത്തിക മാന്ദ്യം പ്രതീക്ഷിക്കുന്ന കോവിഡാനന്തരനാളുകളിൽ ഭക്ഷ്യ സ്വയംപര്യാപ്തതയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് തരിശുഭൂമികൾ കൃഷിചെയ്യുവാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ പള്ളിയുടേയോ സന്ന്യസ്ത ഭവനങ്ങളുടേയോ സന്മനസ്സുള്ള വ്യക്തികളുടേയോ തരിശുഭൂമികൾ കൃഷിക്കുവേണ്ടി ഉപയോഗിക്കുന്നത് സാമൂഹിക പ്രതിബദ്ധതയുടെ അടയാളവും ആത്മീയപ്രവൃത്തിയുമാണ്.

ഈ കാലഘട്ടം, പ്രാർത്ഥനയുടേയും ലാളിത്യത്തിന്റേയും പുനർനിർമ്മിതിയെപ്പറ്റിയുള്ള ക്രിയാത്മകമായ ചിന്തകളുടേയും സമയമാകട്ടെ. ഇക്കാര്യങ്ങൾ ഇടവകയിലെ സാമൂഹികസമ്പർക്ക മാധ്യമങ്ങൾ വഴി എല്ലാവരേയും അറിയിക്കുമല്ലോ.

മിശിഹായിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

---

**മെയ് മാസ ആചരണത്തോടനുബന്ധിച്ച് കുടുംബങ്ങളിൽ ജപമാല പ്രാർത്ഥനയ്ക്കുശേഷം ചൊല്ലുന്നതിനായി ഫ്രാൻസിസ് മാർപാപ്പ നൽകിയ രണ്ടു പ്രാർത്ഥനകളുടെ സ്വതന്ത്ര വിവർത്തനം**

**ഒന്നാമത്തെ പ്രാർത്ഥന**

ഓ മറിയമേ, ഞങ്ങളുടെ ജീവിതയാത്രയിൽ രക്ഷയുടെയും പ്രത്യാശയുടെയും അടയാളമായി നീ എപ്പോഴും പ്രകാശം പകരുന്നു. രോഗികളുടെ ആരോഗ്യമായ അമ്മേ, ഞങ്ങളെ നിനക്ക് ഭരമേൽപ്പിക്കുന്നു. വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് ക്രൂശിതനായ ക്രിസ്തു

വിന്റെ വേദനകളിൽ, അമ്മേ നീയും പങ്കുപറ്റിയല്ലോ. കഷ്ടതകളിൽക്കൂടി കടന്നു പോകുന്ന ഈ ജനതയുടെ രക്ഷയ്ക്ക് ആവശ്യമായത് എന്താണെന്ന് നിനക്കറിയാം. അമ്മേ, നീ ഞങ്ങളെ സഹായിക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. ഗലീലിയിലെ കാനായിൽ എന്നപോലെ ഈ പരീക്ഷണകാലഘട്ടം കഴിഞ്ഞ് സന്തോഷവും ആഘോഷവും മടങ്ങിവരാൻ ഇടയാക്കണമേ. പിതാവിന്റെ ഹിതത്തിന് അനുസൃതമായി ജീവിക്കുവാനും യേശു ഞങ്ങളോടു പറയുന്നതു ചെയ്യുവാനും ദിവ്യസ്നേഹത്തിന്റെ മാതാവേ, ഞങ്ങളെ നീ സഹായിക്കണമേ. പുനരുത്ഥാനത്തിന്റെ സന്തോഷത്തിലേക്ക് ഞങ്ങളെ നയിക്കാൻ കുരിശിലൂടെ ഞങ്ങളുടെ വേദനകൾ ക്രിസ്തു സ്വയം ഏറ്റെടുത്തു വല്ലോ. ദൈവത്തിന്റെ പരിശുദ്ധ അമ്മയായ നിന്റെ സംരക്ഷണത്തിൽ ഞങ്ങൾ അഭയം തേടുന്നു. നിരവധി പരീക്ഷണങ്ങളെ നേരിടുന്ന ഞങ്ങളുടെ യാചനകൾ നീ ഉപേക്ഷിക്കരുതേ, മഹത്വപൂർണ്ണയും അനുഗൃഹീതയുമായ പരി. കന്യാമറിയമേ, എല്ലാ അപകടങ്ങളിൽ നിന്നും ഞങ്ങളെ മോചിപ്പിക്കണമേ. ആമേൻ.

**രണ്ടാമത്തെ പ്രാർത്ഥന**

കന്യാമറിയമേ, ദൈവമാതാവായ നിന്റെ സംരക്ഷണത്തിൽ ഞങ്ങൾ അഭയം തേടുന്നു. കൊറോണ വ്യാധിയുടെ പിടിയിലായിരിക്കുന്ന ഞങ്ങളുടെ മേൽ നിന്റെ കരുണയുള്ള കണ്ണുകൾ തിരിക്കണമേ. പ്രിയപ്പെട്ടവരുടെ മരണവും, മനസ്സിനെ ഭാരപ്പെടുത്തുന്ന തരത്തിൽ ചില സാഹചര്യങ്ങളിൽ ഉണ്ടായ മൃതസംസ്കാരവും ഓർത്ത് വേദനയിലും ദുഃഖത്തിലും കഴിയുന്നവരെ ആശ്വസിപ്പിക്കണമേ. രോഗം മൂലം ദുരിതമനുഭവിക്കുന്നവരെയും, അമ്മേ നീ കാത്തുകൊള്ളണമേ. പകർച്ചവ്യാധി തടയാനുള്ള പരിശ്രമത്തിൽ പ്രിയപ്പെട്ടവരിൽ നിന്ന് അകറ്റപ്പെട്ടവരെയും ഭാവിയെക്കുറിച്ച് ആകുലതപ്പെടുന്നവരെയും സമ്പദ്വ്യവസ്ഥയിലെ അനിശ്ചിതത്വം മൂലം ജോലിയിലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഓർത്ത് വിഷമിക്കുന്നവരെയും അമ്മേ, നീ ആത്മവിശ്വാസം കൊണ്ട് നിറയ്ക്കണമേ.

കഠിനമായ ഈ പരീക്ഷണങ്ങൾ അവസാനിച്ച് പ്രതീക്ഷയുടെയും സമാധാനത്തിന്റെയും ഒരു പുതിയ ചക്രവാളം ആരംഭിക്കാൻ ദൈവത്തിന്റെയും ഞങ്ങളുടെയും അമ്മയായ പരി. കന്യാമറിയമേ, കരുണയുള്ള പിതാവിന്റെ മുമ്പിൽ നീ ഞങ്ങൾക്കായി യാചിക്കണമേ. നിന്റെ ദിവ്യപുത്രനോടൊപ്പം, കാനായിലെന്നപോലെ ഇടപെടണമേ. രോഗികളുടെയും മരണത്തിന് ഇരയായവരുടെയും കുടുംബങ്ങളെ ആശ്വസിപ്പിക്കാനും അവരുടെ ഹൃദയം വിശ്വാസത്തിലേക്ക് തുറക്കാനും നിന്റെ പ്രിയ പുത്രനോട് ആവശ്യപ്പെടണമേ.

പകർച്ചവ്യാധിമൂലം കഷ്ടത അനുഭവിക്കുന്ന ഈ കാലയളവിൽ ഡോക്ടർമാർ, നഴ്സുമാർ, ആരോഗ്യ പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ എന്നിവരെ അമ്മേ, നീ സംരക്ഷിക്കണമേ. അപരന്റെ ജീവൻ രക്ഷിക്കാൻ സ്വന്തം ജീവൻ അപകടത്തിലാക്കി മുൻപന്തിയിൽ നിന്ന് സേവനം ചെയ്യുന്ന അവരുടെ വീരോചിതമായ പരിശ്രമങ്ങളിൽ അവർക്ക് ശക്തിയും നന്മയും ആരോഗ്യവും നൽകണമേ. രാവും പകലും രോഗികളെ സഹായിക്കുന്നവരോടൊപ്പവും, സുവിശേഷത്തോടുള്ള പ്രതിജ്ഞാബദ്ധതയോടെ എല്ലാവരെയും സഹായിക്കാനും പിന്തുണയ്ക്കാനും പരിശ്രമിക്കുന്ന പുരോഹിതരോടൊപ്പവും അമ്മേ, നീ ആയിരിക്കണമേ.

പരി. കന്യകാമാതാവേ, ശാസ്ത്രമേഖലയിൽ പ്രവർത്തിക്കുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും മനസ്സിനെ നീ പ്രകാശിപ്പിക്കുന്നതുവഴി ഈ വൈറസിനെ കീഴ്പ്പെടുത്താനുള്ള യഥാർത്ഥ പരിഹാരമാർഗം കണ്ടെത്തുന്നതിന് ഇടയാക്കണമേ. ദാരിദ്ര്യം മൂലം ജീവിക്കാൻ കഷ്ടപ്പെടുന്നവരെ, ജ്ഞാനത്താലും ഉദാരമനസ്കതയാലും നിറഞ്ഞ് തീക്ഷണതയോടെ സഹായിക്കാനും, സാമൂഹിക-സാമ്പത്തിക പരിഹാരങ്ങൾ ആസൂത്രണം ചെയ്യുകവഴി ദീർഘവീക്ഷണത്തോടെയും ഐക്യദാർഢ്യത്തോടെയും പ്രവർത്തിക്കാനും അമ്മേ, എല്ലാ രാഷ്ട്രനേതാക്കളെയും നീ സഹായിക്കണമേ. പരി. കന്യകാ

മറിയമേ, രാഷ്ട്രനേതാക്കൻമാരുടെ മനസ്സാക്ഷിയെ നീ സ്പർശിക്കണമേ. ആയുധശക്തി വർദ്ധിപ്പിക്കാനായി ചെലവിടുന്ന പണം ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ തടയുവാനുള്ള പഠനങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി അവർ വിനിയോഗിക്കട്ടെ.

വാത്സല്യനിധിയായ മാതാവേ, ഞങ്ങൾ ലോകം എന്ന വലിയ ഒരു കുടുംബത്തിലെ അംഗങ്ങളാണെന്ന ചിന്തയിലും, പ്രത്യേകിച്ച് എല്ലാവരെയും ഒന്നിപ്പിക്കുന്ന ബന്ധത്തെക്കുറിച്ചുള്ള സ്വയാവബോധത്തിലും, വളർന്നു വരുവാൻ ഞങ്ങളെ സഹായിക്കണമേ. കാരണം, സാഹോദര്യ മനോഭാവത്തോടെയും ഐക്യദാർഢ്യത്തോടെയും നിരവധി ദരിദ്രരെയും, ദുരിതത്തിൽ പെട്ടിരിക്കുന്നവരെയും സഹായിക്കാൻ ഞങ്ങൾക്ക് ഇതുവഴി സാധിക്കും. വിശ്വാസത്തിലുള്ള ഉറച്ച പ്രോത്സാഹനവും, അപരനെ സേവിക്കുന്നതിലുള്ള സ്ഥിരോത്സാഹവും, പ്രാർത്ഥനയിലുള്ള സ്ഥിരതയും ഞങ്ങൾക്ക് നൽകണമേ. ഓ മറിയമേ, എളിയവരുടെ സങ്കേതമേ, നിന്റെ കരവലയത്തിൽ നിന്റെ എല്ലാ വേദനിക്കുന്ന മക്കളെയും കാത്തുകൊള്ളണമേ. ഈ ഭയാനകമായ പകർച്ചവ്യാധിയിൽ നിന്ന് ഞങ്ങളെ മോചിപ്പിക്കാൻ സർവശക്തനായ ദൈവം തന്റെ ശക്തമായ കരങ്ങളോടെ കടന്നു വരുവാൻ വേണ്ടി നീ പ്രാർത്ഥിക്കണമേ. അങ്ങനെ ശാന്തമായതും സാധാരണ ഗതിയിലുള്ളതുമായ ഒരു ജീവിതം പുനരാരംഭിക്കാൻ ഇടവരുത്തണമേ. രക്ഷയുടെയും പ്രത്യാശയുടെയും അടയാളമായി ഞങ്ങളുടെ പാതയിൽ തിളങ്ങുന്ന നിന്നിൽ ഞങ്ങൾ ആശ്രയിക്കുന്നു. കരുണയും, വാത്സല്യവും, മാധുര്യവും നിറഞ്ഞ കന്യാമറിയമേ. ആമേൻ.

# അറിയിപ്പ്

**01/05/2020**

പ്രിയ ബഹു. വൈദികരേ,

ലോക്ഡൗൺ കാലം അനിശ്ചിതമായി നീളുന്നതിനാൽ വിവാഹ ഒരുക്ക ധ്യാനം ഉടനെ നടത്തുക എളുപ്പമായിരിക്കുകയില്ലായെന്ന് അറിയാമല്ലോ. ആയതിനാൽ, നമ്മുടെ അതിരൂപതാ കുടുംബ പ്രേഷിത കേന്ദ്രം മാരേജ് ഓറിയന്റേഷൻ പ്രോഗ്രാം തൽക്കാലത്തേക്ക് ഓൺലൈനിൽ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ജൂൺ 30-നു മുൻപ് വിവാഹം നടത്താൻ ആഗ്രഹിക്കുന്നവർ ഈ പ്രോഗ്രാമിൽ പങ്കെടുത്താൽ മതിയാകും. ഇപ്രകാരം ഓൺലൈൻ പ്രോഗ്രാമിൽ പങ്കെടുക്കുവാൻ ഒരുവിധത്തിലും സാധിക്കാത്തവർക്ക് മാത്രമാണ് മുൻപ് പറഞ്ഞതുപോലെ കല്യാണശേഷം വിവാഹഒരുക്കധ്യാനത്തിൽ പങ്കെടുത്താൽ മതിയെന്ന നിർദ്ദേശം നിലനിൽക്കുകയുള്ളൂ. രണ്ടു ദിവസം നീണ്ടുനിൽക്കുന്ന ഓൺലൈൻ പ്രോഗ്രാമിനുശേഷം വിവാഹ ഒരുക്ക ധ്യാനത്തിന്റെ ഒരു വിഷയം (വിവാഹ ലിറ്റർജിയും നിയമങ്ങളും) വികാരിയച്ചന്റെ ഉത്തരവാദിത്വത്തിൽ വിവാഹാർത്ഥിയ്ക്ക് വിശദീകരിച്ചു നൽകണം. മാരേജ് ഓറിയന്റേഷൻ ഓൺലൈൻ പ്രോഗ്രാമിന്റെ വിശദാംശങ്ങൾ ഇതോടൊപ്പം അയയ്ക്കുന്നു. കൂടുതൽ വിവരങ്ങൾ നമ്മുടെ കുടുംബപ്രേഷിത കേന്ദ്രം നിങ്ങളെ അറിയിക്കുന്നതാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

**ഫാ. ഹോർമിസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്**
എറണാകുളം-അങ്കമാലി അതിരൂപത



# നിര്യാതരായി



## സി. റൊമുള F.C.C.

നിർമ്മല ഭവൻ, അങ്കമാലി.

| | | |
|---|---|---|
| ജനനം | : | 22/06/1933 |
| വ്രതവാഗ്ദാനം | : | 08/05/1961 |
| മരണം | : | 17/04/2020 |



## സി. മരിയറ്റ പാറേക്കാട്ടിൽ SD

പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി.

| | | |
|---|---|---|
| ജനനം | : | 31/06/1930 |
| വ്രതവാഗ്ദാനം | : | 01/06/1952 |
| മരണം | : | 08/04/2020 |

# വാർത്തകളും വിശേഷങ്ങളും

## ഇടുക്കിയുടെ പ്രഥമ മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ നിര്യാതനായി

ഇടുക്കി രൂപതയുടെ പ്രഥമ ഇടയൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ (77) അന്തരിച്ചു. കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിൽ 2020 മെയ് 01 പുലർച്ചെ 1.38 നായിരുന്നു അന്ത്യം. വർഷങ്ങളായി പ്രമേഹ രോഗത്തിന് ചികിത്സയിലായിരുന്ന മാർ മാത്യു ആനിക്കുഴിക്കാട്ടിൽ മൂന്നുവർഷമായി കിഡ്നി സംബന്ധമായ അസുഖത്തിനും ചികിത്സതേടിയിരുന്നു.

2003-ൽ കോതമംഗലം രൂപത വിഭജിച്ച് രൂപീകൃതമായ ഇടുക്കി രൂപതയുടെ പ്രഥമ മെത്രാനായിരുന്നു കാലം ചെയ്ത മാർ മാത്യു ആനിക്കുഴിക്കാട്ടിൽ. 2003 മുതൽ 2018 വരെ 15 വർഷം ഇടുക്കി രൂപതാ അധ്യക്ഷൻ ആയിരുന്നു.

മെയ് 05-ന് ഇടുക്കി വാഴത്തോപ്പ് കത്തീഡ്രൽ പള്ളിയിലാണ് മൃതസംസ്ക്കാര ശുശ്രൂഷകൾ നടന്നത്. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശം മുൻനിർത്തി പൊതുദർശനം ഒഴിവാക്കിയാണ് മൃതസംസ്ക്കാരം നടത്തിയത്.

## ആഗോള സംഗമങ്ങൾ മാറ്റിവച്ചു

കുടുംബങ്ങളുടെ രാജ്യാന്തര സംഗമവും ആഗോള യുവജനദിനവും മാറ്റിവച്ചു. ജൂൺ 2021-ന് റോമിൽ നടക്കേണ്ട കുടുംബങ്ങളുടെ രാജ്യാന്തര സംഗമം 2022-ലേക്കും, 2022 ഓഗസ്റ്റിൽ പോർച്ചുഗലിലെ ലിസ്ബൺ നഗരത്തിൽ സംഗമിക്കേണ്ടിയിരുന്ന ആഗോള യുവജന മേള 2023-ലേക്കുമാണ് മാറ്റിവച്ചിരിക്കുന്നത്.

## ക്രൂശിതരൂപത്തിന്റെ മുൻപിൽ പ്രാർത്ഥിക്കുന്ന ശീലം

ധാരാളം ക്രൈസ്തവർ കുരിശുരൂപത്തെ നോക്കി പ്രാർത്ഥിക്കുന്ന ശീലമുള്ളവരാണെന്നും അതിനു കാരണം, ദൈവസ്നേഹവും സഭയുടെ സകലപ്രബോധനവും ക്രിസ്തീയ വിജ്ഞാനവും ശാസ്ത്രവും കുരിശിൽനിന്നു പരിശുദ്ധാത്മാവ് വെളിപ്പെടുത്തിതരുമെന്ന് അവർ മനസ്സിലാക്കിയതുകൊണ്ടാണെന്നും ഏപ്രിൽ 22-ാം തീയതി ബുധനാഴ്ച രാവിലെ പേപ്പൽ വസതി 'സാന്താ മാർത്ത'യിൽ അർപ്പിച്ച ദിവ്യബലിമദ്ധ്യേ ഫ്രാൻസിസ് പാപ്പ ഉദ്ബോധിപ്പിച്ചു. ദൈവം ലോകത്തിലേക്കു സ്നേഹത്തോടെ അയച്ച തന്റെ ദിവ്യസുതൻ മനുഷ്യരുടെ രക്ഷയ്ക്കായി കുരിശിൽ മരിച്ചു. അതിനാൽ, കുരിശുരൂപം നമ്മോടുള്ള ദൈവസ്നേഹത്തിന്റെ സ്രോതസ്സാണെന്നും പാപ്പാ വ്യാഖ്യാനിച്ചു.

* * * * *

## ബ. വൈദികരുടെ വാർഷിക ധ്യാനം 2020

എല്ലാ വർഷവും ജൂൺ-ജൂലൈ മാസങ്ങളിൽ നടത്തിവരാറുള്ള വൈദികരുടെ വാർഷികധ്യാനം ഇപ്പോഴത്തെ സാഹചര്യത്തിൽ ആ മാസങ്ങളിൽ നടത്തുവാൻ സാധ്യമല്ലാത്തതിനാൽ, മറ്റൊരവസരത്തിലേക്ക് മാറ്റി വച്ചിരിക്കുന്നു.

പുതിയ തീയതികൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

**ഫാ. ഹോർമിസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്**

---

## ഫാമിലി അപ്പോസ്തലേറ്റ്

**Renewal Centre,** Kaloor. Tel.: 0484-2533077
**Jeevalaya Family Park,** Kalady. Tel.: 0484-2462607, 9387074649
**Vaikom:** 9495411200 • E-mail: familycentrekaloor@gmail.com

## മാര്യേജ് ഓറിയന്റേഷൻ പ്രോഗ്രാം (MOP)

ഓൺലൈൻ മാര്യേജ് ഓറിയന്റേഷൻ പ്രോഗ്രാമിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

**1. ആർക്ക് വേണ്ടി?**

1. എറണാകുളം-അങ്കമാലി അതിരൂപതാഗംങ്ങൾക്ക് മാത്രമായിട്ടാണ് ഈ പ്രോഗ്രാം നിജപ്പെടുത്തിയിട്ടുള്ളത്.
2. ജൂൺ 30 വരെ നടക്കുന്ന വിവാഹങ്ങൾക്ക് വേണ്ടിയുള്ള താത്ക്കാലിക സംവിധാനം മാത്രമാണിത്.
3. പ്രവേശനം മുൻകൂർ ബുക്ക് ചെയ്യുന്നവർക്ക് മാത്രം

**2. എണ്ണം**

1. ഒരു പ്രോഗ്രാമിൽ പരമാവധി 40 പേരെയാണ് പ്രതീക്ഷിക്കുന്നത്.

**3. സമയ ദൈർഘ്യം**

1. 3 ദിവസങ്ങളായി രണ്ട് പാർട്ടായിട്ടാണ് നടത്തപ്പെടുന്നത്.
2. പാർട്ട്-1 നിശ്ചയിക്കപ്പെട്ട രണ്ടു ദിവസങ്ങളിൽ രാവിലെ 9.00 മണി മുതൽ വൈകിട്ട് 5.00 മണി വരെ ഓൺലൈൻ പ്രോഗ്രാം.
3. പാർട്ട്-2 നമസ്കാരം കേൾക്കുന്നതിനു പുറമേ ബഹുമാനപ്പെട്ട വികാരിയച്ചനുമായുള്ള ഒരു സെഷൻ. വിഷയം: വിവാഹ ലിറ്റർജിയും നിയമങ്ങളും (വിശദാംശങ്ങൾക്ക്: *അതിരൂപത നിയമസംഹിത* 2009, പേജ് 135-138, 151-153 ഉം കൂദാശാ പുസ്തകവും കാണുക).

   (ഇപ്രകാരം വിവാഹിതരാകുന്നവർ വിവാഹശേഷം, നിശ്ചയിക്കപ്പെട്ട ഞായറാഴ്ചയിൽ രാവിലെ 9.00 മണി മുതൽ വൈകിട്ട് 5.00 മണിവരെ ജീവാലയയിൽവച്ച് നടത്തുന്ന ഏകദിന ധ്യനത്തിൽ ദമ്പതികളായി പങ്കെടുക്കുന്നത് പ്രോത്സാഹിപ്പിക്കണം.)

**4. എപ്രകാരമാണ് ഓൺലൈൻ സഹായം നല്കുന്നത്?**

1. ഗൂഗിൾ ക്ലാസ്റൂം എന്ന ആപ്ലിക്കേഷനിലൂടെയാണ് ഈ പ്രോഗ്രാം നടത്തപ്പെടുത്തുന്നത്.
2. വിവാഹ ഒരുക്ക കോഴ്സിന്റെ സുപ്രധാന ക്ലാസുകളുടെ വീഡിയോകൾ, മറ്റു മെറ്റീരിയൽസ് പങ്കെടുക്കുന്നവർക്ക് ലഭിക്കും. അതോടൊപ്പം ചില അസൈൻമെന്റ്സും നല്കുന്നതാണ്. നിശ്ചിത സമയത്തിനകം അസൈൻമെന്റ്സ് ചെയ്ത് തിരിച്ചയയ്ക്കണം. വിലയിരുത്തി പ്രതികരണം അറിയിക്കുന്നതാണ്.
3. ഓൺലൈൻ പ്രോഗ്രാമിന്റെ 2-ാം ദിവസം അവസാനം, പങ്കെടുക്കുന്ന ആളുമായി വാട്സ്ആപ്പ് വീഡിയോ കോളിലൂടെയുള്ള ഒരു അഭിമുഖം നടത്തുന്നതാണ്.

5. **ഓൺലൈൻ കോഴ്സിൽ പങ്കെടുക്കുന്ന ആൾ കരുതേണ്ട കാര്യങ്ങൾ:**

1. സ്വന്തമായ ജിമെയിൽ ഐഡി (google account)
2. സുഗമമായ ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈൽ ഫോൺ / ലാപ്ടോപ്

6. **രജിസ്ട്രേഷൻ**

1. മുൻകൂർ 700 രൂപ അടച്ച് ബുക്ക്ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.
2. നേരത്തെ വിവാഹ ഒരുക്ക ധ്യാനത്തിന് ബുക്ക് ചെയ്തവർ രസീത് വാട്സ്ആപ്പിലൂടെ 8281544111 എന്ന നമ്പറിൽ അയയ്ക്കുക. ബാലൻസ് തുക ഏകദിന ധ്യാനത്തിന് വരുമ്പോൾ നല്കുന്നതാണ്.
3. പങ്കെടുക്കുന്ന ആൾ സ്വന്തമായ ഈമെയിൽ ഐഡിയിൽ നിന്ന് ഫോട്ടോ ഒട്ടിച്ച ആപ്ലിക്കേഷൻ ഫോം വികാരിയച്ചന്റെ ഒപ്പോടുകൂടി അയച്ചുതരേണ്ടതാണ്.
4. jeevalayafamilypark@gmail.com എന്ന ഓഫീസ് മെയിലിൽനിന്നുള്ള കൺഫർമേഷൻ ലഭിച്ചാൽ മാത്രമേ അഡ്മിഷൻ ഉറപ്പിക്കാനാവൂ.
5. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കു വിളിക്കുക 8281544111

7. **സർട്ടിഫിക്കറ്റ്**

1. ഓൺലൈൻ പ്രോഗ്രാം (പാർട്ട്-1) വിജയകരമായി പൂർത്തിയാക്കിയവരുടെ വിവരം അതത് വികാരിമാരെ രേഖാമൂലം ഓഫീസിൽനിന്ന് അറിയിക്കുന്നതാണ്.

8. **പ്രോഗ്രാം തീയതി**

1. മെയ് 9-10, മെയ് 15-16, മെയ് 22-23, ജൂൺ 5-6

**ഫാ. അഗസ്റ്റിൻ കല്ലേലി**
**ഡയറക്ടർ**

# വിശ്വാസപരിശീലനകേന്ദ്രം

പ്രിയ ബഹു. വികാരിയച്ചാ, ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ്,

വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നും സ്നേഹാശംസകൾ!

2020-21 വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യം 'സ്നേഹം സർവ്വോൽകൃഷ്ടം' എന്നാണല്ലോ. 'സ്നേഹിക്കുന്ന ദൈവത്തോടൊപ്പം, ഈശോയെപോലെ സ്നേഹിക്കാൻ' എന്ന പ്രമേയത്തിൽ ഊന്നികൊണ്ട് ലോക്ഡൗൺ കാലം പല ഇടവകകളും ഇന്റൻസീവ് ബൈബിൾ കോഴ്സ് കാര്യക്ഷമമായി നടത്തുകയുണ്ടായി. ഓൺലൈനിലൂടേയും മറ്റും ക്രിയാത്മകമായ നിരവധി പ്രവർത്തനങ്ങൾകൊണ്ടും ഇന്റൻസീവ് ബൈബിൾ കോഴ്സ് വളരെ ആകർഷകമായി നടപ്പിലാക്കി. പല കുടുംബങ്ങളും വിശ്വാസപരിശീലനത്തിന്റെ പുത്തൻ ഉണർവ്വിലേക്കും അനുഭവത്തിലേക്കും കടന്നുവരുവാൻ ഇത് സഹായിച്ചു. അപ്രകാരം മാതാപിതാക്കൾ വിശ്വാസപരിശീലകരുടെ ദൗത്യത്തിലേക്കും, കുട്ടികളെ വിശ്വാസത്തിലും സ്നേഹത്തിലും ചേർത്തുനിർത്തുന്നതിനും കുടുംബങ്ങളിൽ നടത്തിയ IBC സഹായകമായി.

വിശ്വാസപരിശീലന കേന്ദ്രം നടത്തിയ പരിശുദ്ധ ഫ്രാൻസിസ് പിതാവിനോടൊപ്പമുള്ള 'സ്വർഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥനയിലും, 'Salute the Heroes' എന്ന വീഡിയോ ക്യാമ്പെയ്നിലും, 2020-ലെ ലോഗോസ് ബൈബിൾ ക്വിസ്സിന് ഒരുക്കമായി നടത്തിയ ബൈബിൾ ക്വിസ്സിലും, 'Voice of the Voiceless' എന്ന Short Film മൽസരത്തിലും പല ഇടവകകളും സജീവമായി പങ്കെടുക്കുകയുണ്ടായി. ഇതിന് നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട വികാരിയച്ചൻമാരോടും വിശ്വാസപരിശീലകരോടുമുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

## അറിയിപ്പുകൾ

1. **പുനഃപരീക്ഷ:**

ഈ വർഷവും മുൻവർഷങ്ങളിലും 10-ാം ക്ലാസ്സിലും 12-ാം ക്ലാസ്സിലും തോറ്റ വിദ്യാർത്ഥികൾ Lock down -ന്റെ പ്രത്യേക

സാഹചര്യത്തിൽ പുനഃപരീക്ഷയ്ക്ക് പകരമായി വിശ്വാസ പരിശീലന കേന്ദ്രത്തിൽ നിന്നും നൽകുന്ന നിർദേശമനുസരിച്ചുള്ള ഒരു അസൈൻമെന്റ് 2020 മെയ് 15-ന് മുൻപായി അതാത് ഇടവകയിലെ പ്രധാനാധ്യാപകന്റെ പക്കൽ സമർപ്പിക്കേണ്ടതാണ്. വികാരിയച്ചനുമായി ആലോചിച്ച് അതാത് ഇടവകയിൽ തന്നെ മൂല്യനിർണയം നടത്തേണ്ടതാണ്.

2. **റസിഡൻഷ്യൽ കോഴ്സ്:** 2020 മെയ് മാസം നടത്താനിരുന്ന പ്ലസ് വൺ, പ്ലസ് ടൂ റസിഡൻഷ്യൽ കോഴ്സ് ഈ പ്രത്യേക സാഹചര്യത്തിൽ ഉണ്ടായിരിക്കുന്നതല്ല. അതിന് പകരമായി വിശ്വാസപരിശീലന കേന്ദ്രം നിർദേശിക്കുന്ന രണ്ട് അസൈൻമെന്റുകളാണ് അതാത് ഇടവകയിലെ പ്രധാനാധ്യാപകന്റെ പക്കൽ സമർപ്പിക്കേണ്ടത് (ഒന്നാമത്തേത് മെയ് 15-നും, രണ്ടാമത്തേത് മെയ് 25-നും). വികാരിയച്ചനുമായി ആലോചിച്ച് അതാത് ഇടവകയിൽതന്നെ മൂല്യനിർണയം നടത്തേണ്ടതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

3. **പുനഃപരിശോധന:** X, XII ക്ലാസ്സുകളിലെ പുനഃപരിശോധന, സ്കോളർഷിപ്പ്, ഇൻകംപ്ലീറ്റ് റിസൾട്ട് എന്നിവയ്ക്ക് മെയ് 3-ന് ശേഷം ഓഫീസുമായി ബന്ധപ്പെടുക.

4. **പ്രാർത്ഥനാദിനം:** 2020-21 വിശ്വാസപരിശീലന വർഷം ആരംഭിക്കുന്നതിന്റെ മുന്നോടിയായി നടത്തുന്ന പ്രാർത്ഥനാദിനം മെയ് 24-നാണല്ലോ. അന്നേദിവസം വൈകിട്ട് 8.30-ന് എല്ലാ വിശ്വാസപരിശീലകർക്കും വിദ്യാർത്ഥികൾക്കും വേണ്ടി നമ്മുടെ catechismernakulam Youtube ചാനലിൽ വിശ്വാസപരിശീലന കേന്ദ്രം ഒരുക്കുന്ന ഒരു പ്രാർത്ഥനാശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്. ഈ പ്രാർത്ഥനാശുശ്രൂഷയിൽ സാധിക്കുമെങ്കിൽ കുടുംബസമേതം പങ്കെടുക്കുമല്ലോ.

5. **വിശ്വാസപരിശീലന വർഷ ഉദ്ഘാടനം:** 2020 മെയ് 31-നാണ് വിശ്വാസപരിശീലനവർഷം ആരംഭിക്കുന്നത്. അന്നേ ദിവസം വി. കുർബാനക്കുശേഷം തിരിതെളിക്കലും ലോഗോ പ്രകാശനവും ഉണ്ടായിരിക്കുന്നതാണ്. പതിവുപോലെ നടത്താറുള്ള പൊതുയോഗം ഉണ്ടായിരിക്കുന്നതല്ല. സ്കോളർഷിപ്പും

അവാർഡുകളും മറ്റൊരവസരത്തിൽ നൽകുന്നതാണ്. പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ സർട്ടിഫിക്കറ്റുകൾ നൽകുന്ന തീയതിയും സ്ഥലവും പിന്നീട് അറിയിക്കുന്നതാണ്.

6. Family Catechism Hour: ഇടവകയിൽ ഒരുമിച്ച്കൂടി വിശ്വാസപരിശീലന ക്ലാസ്സുകൾ നടത്തുവാൻ സാധ്യമാകാത്തിടത്തോളം ഞായറാഴ്ചകളിൽ വിശ്വാസപരിശീലനം അവരവരുടെ വീടുകളിൽതന്നെ നടത്തേണ്ടതാണ്. എല്ലാ ഞായറാഴ്ചകളിലും ഒരു മണിക്കൂർ (Catechism Hour: 10.00 a.m. - 11.00 a.m.) മാതാപിതാക്കളും കുട്ടികളും ഇതിനായി മാറ്റിവയ്ക്കേണ്ടതാണ്. ഇത് റെഗുലർ സൺഡെ കാറ്റക്കിസം ക്ലാസ്സ്പോലെതന്നെ നടത്തണം. ക്ലാസ്സിന് സഹായകമാകുന്ന പഠനോപാധികൾ നവമാധ്യമങ്ങളിലൂടെ വിശ്വാസപരിശീലകർ വഴി ലഭ്യമാക്കുന്നതാണ്.

7. Alive & Enlight:- ഈ വർഷം Alive, Enlight നു പകരമായി അതാത് ഇടവകകളിൽ തന്നെ നടത്താവുന്ന Activities ആണ് ഒരുക്കുന്നത്.

   a). Know the Church and know thyself

   b). Monthly Activities

ഇതിന്റെ വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

8. Expert-2020: അതിരൂപതയിൽ വിവിധ തലങ്ങളിൽ Experts ആയിട്ടുള്ളവരുടെ ഒരു ഡാറ്റ കളക്ഷൻ നടത്തുന്നുണ്ട്. ക്ലാസ്സുകളും മറ്റും കൈകാര്യം ചെയ്യുവാൻ ഏറ്റവും അടുത്തുള്ള റിസോഴ്സ് പേഴ്സണെ ലഭ്യമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വെയ്ക്കുന്നത്. ഇതിനായുള്ള ഗൂഗിൾ ഫോം whatsapp മുഖേന അയച്ചുതരുന്നതാണ്.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

SAHRUDAYA

## സഹൃദയ ജാഗ്രത കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ

കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സഹൃദയയുടെ നേതൃത്വത്തിൽ ഇടവകകളുടേയും സംഘങ്ങളുടേയും സഹകരണത്തോടെ വിവിധ കർമപദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

### 1. മാസ്കുകളുടെ വിതരണം

പൊലീസ്, ജനറൽ ആശുപത്രി, കളക്ടറേറ്റ് തുടങ്ങിയ സർക്കാർ ഏജൻസികൾക്കും ബസ് ജീവനക്കാർ, വിവിധ ഇടവകകൾ എന്നിവർക്കും അയൽ സംസ്ഥാനങ്ങളിലുള്ളവർക്കുമായി നാലു ലക്ഷത്തോളം മാസ്കുകൾ ഇതുവരെ വിതരണം ചെയ്തു. ലോക് ഡൗൺ കാലത്ത് മുന്നൂറോളം വനിതകൾക്ക് വരുമാനം ലഭിക്കുന്ന സ്വയം തൊഴിലായി മാസ്ക് നിർമാണം നടപ്പാക്കി.ഇതിനായി ഓൺലൈൻ പരിശീലനവും നൽകി.

എറണാകുളം, അങ്കമാലി, കാലടി, പറവൂർ, ചേർത്തല മേഖലകളിലെ മൂന്നൂറിലേറെ വനിതകൾക്ക് തുണി എത്തിച്ചു നൽകി മാസ്ക് നിർമാണം പൂർത്തിയാകുന്ന മുറയ്ക്ക് വാഹനം എത്തി ശേഖരിക്കുന്ന രീതിയിലാണ് പദ്ധതി ക്രമീകരിച്ചിരിക്കുന്നത്. മാസ്കുകൾക്ക് ദൗർലഭ്യവും അമിത വിലയും അനുഭവപ്പെട്ടതിനെ തുടർന്നാണ് സഹൃദയ ഈ സംരംഭത്തിന് തുടക്കമിട്ടത്. മൂന്നു ലയറുകളുള്ള സർജിക്കൽ മാസ്കുകളും റീയൂസബിൾ മാസ്കുകളും സഹൃദയ തയ്യാറാക്കി വരുന്നുണ്ട്.

### 2. ഗ്ലൗസുകളുടെ വിതരണം

തൃപ്പൂണിത്തുറ, എറണാകുളം സെൻട്രൽ, കളമശേരി മെട്രോ തുടങ്ങിയ വിവിധ പോലീസ് സ്റ്റേഷനുകളുമായി ബന്ധപ്പെട്ട് രണ്ടായിരത്തിലേറെ ഗ്ലൗസുകൾ ഇതുവരെ നൽകി.

### 3. ബ്രേക്ക് ദി ചെയിൻ – ഇടവക തലങ്ങളിൽ

350-ലേറെ ഇടവകകളുമായി സഹകരിച്ച് കൈകഴുകാനുള്ള ഹബ്ബുകൾ സ്ഥാപിക്കുന്നതിനുള്ള കിറ്റുകളും നോട്ടീസ്, പോസ്റ്റർ എന്നിവയും നൽകി. ആയിരത്തിലേറെ സ്ഥലങ്ങളിലാണ് ഇത്തരം ഹബ്ബുകൾ പ്രവർത്തിച്ചുവരുന്നത്.

**4. കാരുണ്യ സ്പർശം**

ലോക് ഡൗൺ മൂലം ഭക്ഷണത്തിന് ബുദ്ധിമുട്ട് നേരിടുന്ന കൊച്ചി നഗരത്തിലെ ഭിക്ഷാടകർക്ക് സിറ്റി പോലീസും നഗരസഭയുമായി ചേർന്ന് ഭക്ഷണം എത്തിച്ചു നൽകുന്ന പദ്ധതി ആരംഭിച്ചു. ദിവസേന 200 പേരോളം ഈ പദ്ധതിയുടെ ഗുണം അനുഭവിക്കുന്നു.

**5. കാരുണ്യത്തിന്റെ കലവറ**

സാധാരണക്കാരും ദിവസ വേതനക്കാരുമായ കൂലിപ്പണിക്കാർക്ക് നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനുവേണ്ടി ഓരോ ഇടവകയിലും അർഹതപ്പെട്ടവർക്ക് ആവശ്യമായ സാധനങ്ങൾ എത്തിച്ചു നൽകാൻ ഇടവകകൾ വഴിതന്നെ സൗകര്യമൊരുക്കികിയ പദ്ധതി. ഇതിന് സാമ്പത്തികം കണ്ടെത്താൻ ബുദ്ധിമുട്ടുന്ന ഇടവകകൾക്ക് സഹൃദയ സഹായമെത്തിച്ചു.

**6. സാനിറ്റൈസർ/ഹാൻഡ് വാഷ് വിതരണം**

കൈ ശുചീകരിക്കുന്നതിനുള്ള ആയിരത്തി അഞ്ഞൂറ് ലിറ്റർ സാനിറ്റൈസറും അയ്യായിരം ലിറ്റർ ഹാൻഡ് വാഷും നൽകി.

**7. ഓൺലൈൻ ഹെൽപ് ഡസ്ക്**

വീടുകളിൽ ആയിരിക്കുന്നവർക്ക് ആവശ്യമായ മാനസിക പിന്തുണ നൽകുന്നതിനുള്ള ഓൺലൈൻ ഹെൽപ് ഡസ്ക് ആണിത്. സാമൂഹിക മാധ്യമങ്ങളിലൂടെ നൽകുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ടാൽ സഹൃദയയുടെ പരിശീലനം നേടിയിട്ടുള്ള സന്നദ്ധ പ്രവർത്തകർ ഫോണിലൂടെ ആവശ്യമായ കൗൺസിലിംഗും മറ്റു നിർദേശങ്ങളും നൽകുന്നു. ജാതി, മത ഭേദമെന്യേ എല്ലാവർക്കും ഈ സഹായം ലഭ്യമാണ്.

**8. പൊലീസിന് ലഘുഭക്ഷണം**

കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കൊച്ചി നഗരത്തിൽ സേവനത്തിലായിരിക്കുന്ന 200-ഓളം പോലീസുകാർക്ക് ദിവസേന ലഘുഭക്ഷണം എത്തിച്ചു നൽകി വരുന്നു.

**9. സന്നദ്ധ സേവനവുമായി സഹൃദയ സമരിറ്റൻസ്**

കൊറോണയ്ക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളിൽ ജില്ലാ ഭരണ സംവിധാനത്തെ സഹായിക്കുന്നതിനായി നഗരത്തിന്റെ വിവിധ മേഖലകളിൽ സഹൃദയ സമരിറ്റൻസ് സന്നദ്ധ സേവനം നൽകുന്നു. സൗത്ത്, നോർത്ത് റയിൽവേ സ്റ്റേഷനുകൾ, വൈറ്റില മൊബിലിറ്റി ഹബ്ബ് ഉൾപ്പടെ നഗരത്തിലെ വിവിധ സ്ഥലങ്ങളിൽ പോലീസ്,

റെയിൽവേ, ആരോഗ്യ വകുപ്പ് അധികാരികൾക്കൊപ്പം യാത്രികരെ പരിശോധിക്കുന്നതിനും ബോധവത്കരണം നടത്തുന്നതിനും സുരക്ഷാ ഉപാധികൾ വിതരണം ചെയ്യുന്നതിനും സഹകരിക്കുന്നു.

**10. കരുതൽ പാട്ട് - സംഗീത ആൽബം**

കൊറോണ വൈറസിനെതിരെയുള്ള നാടിന്റെ പോരാട്ടത്തോട് ഒപ്പം ചേർന്നുകൊണ്ട് ഭിന്നശേഷിക്കാരായ ഒരു പറ്റം കലാകാരന്മാർ ശാരീരിക പരിമിതികൾക്കപ്പുറം ഇച്ഛാശക്തിയുടെ ആത്മബലത്തിൽ കാഴ്ചവയ്ക്കുന്ന ഒരു സംഗീതശില്പം സഹൃദയ മെലഡീസ് അവതരിപ്പിച്ചു.

**11. ജീവദാൻ മരുന്നുവിതരണം**

പാവപ്പെട്ട കുടുംബങ്ങളിൽ സ്ഥിരമായി മരുന്നു കഴിച്ചുകൊണ്ടിരിക്കുന്ന നിത്യരോഗികൾക്ക് ലോക് ഡൗൺ കാലത്ത് ഒരു മാസത്തേക്കുള്ള മരുന്ന് സൗജന്യമായി എത്തിച്ചു നൽകുന്ന ജീവദാൻ പദ്ധതി ഇടവകകളുടെ സഹകരണത്തോടെ നടപ്പാക്കി വരുന്നു. സഹൃദയ ജീവദാൻ പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം സംസ്ഥാന കൃഷിവകുപ്പു മന്ത്രി വി.എസ്. സുനിൽകുമാർ നിർവഹിച്ചു. എറണാകുളം-അങ്കമാലി ബിഷപ്സ് ഹൗസിൽ നടന്ന ചടങ്ങിൽ അതിരൂപതാ മെത്രാപ്പോലീത്തൻ വികാരി ആർച്ച് ബിഷപ്പ് മാർ ആന്റണി കരിയിൽ അധ്യക്ഷനായിരുന്നു

ആദ്യ ഘട്ടമായി 25 ലക്ഷം രൂപ വിലവരുന്ന മരുന്നുകളാണ് 2500 കുടുംബങ്ങളിലേക്ക് എത്തിച്ചത്. അങ്കമാലി സെന്റ് ജോർജ് ബസിലിക്ക, മുട്ടം സെന്റ് മേരീസ് ഫൊറോനാ, നൈപുണ്യ ഇൻസ്റ്റിറ്റ്യൂഷൻസ്, കളമശേരി സോഷ്യൽ ഫർണിച്ചർ, വിവിധ ഇടവകകൾ എന്നിവയുടെ സഹകരണത്തോടെ ലിസി ആശുപത്രിയുടെ മേൽനോട്ടത്തിലാണ് മരുന്നുകൾ ആവശ്യക്കാർക്ക് എത്തിച്ചു നൽകുന്നത്.

**12. ബധിര-മൂകർക്ക് ബോധവത്കരണം**

കൊറോണ പ്രതിരോധത്തിൽ ഭിന്നശേഷിക്കാരെയും പങ്കാളികളാക്കുന്നതിന്റെ ഭാഗമായി ബധിര, മൂകർക്കായി ആംഗ്യ ഭാഷയിൽ പ്രതിരോധ നിർദേശങ്ങൾ നൽകുന്ന വീഡിയോ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തി.

**13. കാരുണ്യ സ്പർശം**

ലോക് ഡൗൺ മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന വയോജനമന്ദിരങ്ങൾ, അനാഥമന്ദിരങ്ങൾ, വികലാംഗ മന്ദിരങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്ക് ഭക്ഷ്യവസ്തുക്കൾ എത്തിച്ചു നൽകി.

### 14. അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യ വിതരണം

ലോക് ഡൗണിൽ ഭക്ഷണത്തിനായി ക്ലേശിക്കുന്ന അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യവസ്തുക്കളടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു. 5 കേന്ദ്രങ്ങളിലായി 1000 ഭക്ഷണ കിറ്റുകളാണ് നൽകിയത്.

### 15. അതിഥി തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പ്

എറണാകുളം മേഖലയിലെ അതിഥി തൊഴിലാളികൾക്കായി ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

### 16. ഓണത്തിന് പച്ചക്കറി ലഭ്യമാക്കാൻ ഹരിതസമൃദ്ധി പദ്ധതി

സഹൃദയയുടെ ഹരിതസമൃദ്ധി പദ്ധതി വഴി പത്ത് ഇനം വിത്തുകൾ, ജൈവവളം എന്നിവ അടങ്ങിയ പായ്ക്കറ്റുകൾ മിതമായ വിലയ്ക്കു നൽകുന്നു. കൂടാതെ, കാർഷിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗനിർദേശങ്ങളും ഉപാധികളും ആവശ്യക്കാർക്ക് നൽകുന്നതാണ്. മികച്ച കാർഷിക പ്രവർത്തനങ്ങൾക്ക് സമ്മാനവും നൽകുന്നു.

### 17. കൊറോണക്കാലത്ത് രക്തദാനത്തിലൂടെ മാതൃകയായി യുവവൈദികർ

കൊറോണാ പകർച്ചവ്യാധിയുടെ കാലഘട്ടത്തിൽ രക്തദാതാക്കാളുടെ ലഭ്യതകുറവിനു പരിഹാരമായി എറണാകുളം-അങ്കമാലി അതിരൂപതയിലെ ഇരുപതോളം യുവവൈദികരും ഏതാനും യുവജനങ്ങളും എറണാകുളം ജനറൽ ആശുപത്രിയിലെത്തി രക്തദാനം നടത്തി. ആവശ്യമനുസരിച്ച് കൂടുതൽ വൈദികരും യുവാക്കളും രക്തദാനം നടത്തുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്..

### 18. മധുരക്കനി പദ്ധതി

ചക്ക, പപ്പായ, വാഴക്കുല തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ സുലഭമായ ഇടവകകളിൽ നിന്ന് ശേഖരിച്ച് ഇവ അധികം കിട്ടാനില്ലാത്ത ഇടവകകളിലെ സാധാരണക്കാർക്ക് സൗജന്യമായി എത്തിച്ചു കൊടുക്കുന്ന പദ്ധതിയാണിത്. ആദ്യ ഘട്ടമായി മുക്കന്നൂർ ഇടവകയിൽനിന്നു ശേഖരിച്ച ഭക്ഷ്യവസ്തുക്കൾ ചേർത്തല, തണ്ണീർമുക്കം പ്രദേശങ്ങളിൽ വിതരണം ചെയ്തു. അയ്യായിരത്തിലേറെ ചക്കപ്പഴങ്ങൾ വിതരണം ചെയ്തു.

**ഫാ. ജോസഫ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

**ഏപ്രിൽ 2020**

3 ജോർജ് ആലഞ്ചേരി പിതാവ് കേരള ക്രൈംബ്രാഞ്ച് മേധാവി ശ്രീ. ടോമിൻ തച്ചങ്കരിയുടെ വന്ദ്യമാതാവിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗകർമ്മങ്ങൾ തേവരയിലുള്ള ഭവനത്തിൽ നടത്തി.

5 ജോർജ് ആലഞ്ചേരി പിതാവ് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ ഓശാന തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

9 ജോർജ് ആലഞ്ചേരി പിതാവ് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ പെസഹാവ്യാഴ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

10 ആന്റണി കരിയിൽ പിതാവ് രാവിലെ എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ ദുഃഖവെള്ളിയാഴ്ചയിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

11 ആന്റണി കരിയിൽ പിതാവ് രാവിലെ എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ വലിയ ശനിയാഴ്ച വി. കുർബാന അർപ്പിച്ചു.

12 ജോർജ് ആലഞ്ചേരി പിതാവ് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ ഉയിർപ്പുതിരുനാൾ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

14 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് പൊന്നുരുന്നി സഹൃദയ വെൽഫെയർ സെന്ററിൽ വച്ച് 'കാരുണ്യസ്പർശം' എന്ന പദ്ധതിയുടെ ഭാഗമായി 1000 വീടുകൾക്ക് ഭക്ഷ്യവസ്തുക്കൾ നൽകുന്നതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

20 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് കൊറ്റമം സെന്റ് ജോസഫ് ഇടവകാംഗമായ ഇഗ്നേഷ്യസ് ജോസഫ് പുതുശ്ശേരിയുടെ മൃതസംസ്ക്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

27 ആന്റണി കരിയിൽ പിതാവ് വല്ലം ഫൊറോനാ പള്ളിയിൽ ബ. പോൾ ചുള്ളി അച്ചന്റെ വന്ദ്യപിതാവിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

30 ആന്റണി കരിയിൽ പിതാവ് രാവിലെ എറണാകുളം മേജർ ആർച്ചു ബിഷപ്സ് ഹൗസിൽ വച്ച് സഹൃദയയുടെ നേതൃത്വത്തിൽ നടന്ന 'ജീവ ദാൻ' പദ്ധതിയുടെ ഉദ്ഘാടനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു. ബ. കേരള കൃഷിമന്ത്രി അഡ്വ. വി.എസ്. സുനിൽ കുമാർ പദ്ധതി ഉദ്ഘാടനം ചെയ്തു.

* * * * *

# സഹൃദയ ജാഗ്രത -
# കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ













Registered No. KL/EKM/748/2019-21

RNI No. 3421/57
Date of Publication: 01.05.2020

Annual Subscription ₹ 150
Per Copy ₹ 15

എറണാകുളം-അങ്കമാലി മേജർ അതിരൂപതാ ബുള്ളറ്റിൻ

# ERNAKULAM MISSAM



*"Work is exactly the continuation of the work of God. Human labour is the vocation that mankind received from God ever since the creation of the universe. It is work that makes us similar to God, because through work men and women act as creators, and are capable of creating many things, even of creating a family."*

*Pope Francis, Homily, 1 May 2020*

Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam, Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and Printed at Viani Printings, Viani Buildings, No. XXXIX/1524, Lisie Hospital Road, Ernakulam, Kochi, Kerala - 682 018 and Published from Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682 031.
Editor: Rev. Fr. Varghese Perumayan